**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **09-10-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ പാട്യം പഞ്ചായത്തിലെ അമ്മാറമ്പ് സങ്കേതത്തിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഇഴഞ്ഞു നീങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെട്ടുത്തിയ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിലെ അമ്മാറമ്പ് നഗറിലെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. നിർവ്വഹണ ഏജൻസികളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ കാരണമാണ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. ബഹു.എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ വിളിച്ചു ചേർക്കുകയും, നിർമ്മാണ പ്രവർത്തികളിലെ അപാകതകൾ പരിഹരിച്ച് സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പൂർത്തീകരിച്ച പ്രവൃത്തികൾ ഒന്നും തന്നെ കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെട്ടുത്തിയ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിലെ അമ്മാറമ്പ് നഗറിലെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. നിർവ്വഹണ ഏജൻസികളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ കാരണമാണ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. ബഹു.എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ വിളിച്ചു ചേർക്കുകയും, നിർമ്മാണ പ്രവർത്തികളിലെ അപാകതകൾ പരിഹരിച്ച് സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | സാംസ്കാരിക നിലയം നിർമ്മാണം, ഭവന നവീകരണം, ഭവന നിർമ്മാണം, നടപ്പാത നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഫലപ്രദമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | സാംസ്കാരിക നിലയം, ഭവനനിർമ്മാണം, ഭവന നവീകരണം തുടങ്ങിയ പ്രവർത്തികളിലെ അപാകതകൾ പരിഹരിച്ച് ഫലപ്രദമായി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മുണ്ടയോട് സങ്കേതത്തിൽ കാലപ്പഴക്കമുള്ള സാംസ്കാരിക നിലയം കെട്ടിടം പൊളിച്ചു മാറ്റി വെൽനസ് സെന്റർ ഉൾപ്പെടെ അത്യാധുനിക സൗകര്യത്തോടെ പുനർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിലുള്ള സാംസ്കാരിക നിലയത്തിന്റെ ഫിറ്റ്നസ് പരിശോധിച്ച് കെട്ടിടം നിലനിർത്തിക്കൊണ്ട്, വനാവകാശ നിയമ പ്രകാരം വനം വകുപ്പ് മുഖേന സ്ഥലം ലഭ്യമാക്കി വായനശാല, സാമൂഹ്യപഠനമുറി തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടെ മറ്റൊരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ